**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3916** **06-08-2021 - ൽ മറുപടിയ്ക്ക്**

**പൊന്നാനി മണ്ഡലത്തിലെ ജലജീവൻ മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പൊന്നാനി മണ്ഡലത്തിൽ ജലജീവൻ മിഷൻ വഴി കുടിവെള്ളം എത്തിക്കുന്ന പദ്ധതിയുടെ പ്രവർത്തനം ഏത് ഘട്ടം വരെയായി എന്ന് അറിയ്ക്കാമോ; | (എ) | പൊന്നാനി മണ്ഡലത്തിൽ ഉൾപ്പെട്ട മാറഞ്ചേരി, വെളിയങ്കോട്, പെരുമ്പടപ്പ് എന്നീ പഞ്ചായത്തുകളിലെ ജല ജീവൻ മിഷൻ പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തീകരിച്ച കഴിഞ്ഞു. മേൽ പഞ്ചായത്തുകളിലെ രണ്ടാം ഘട്ടം പദ്ധതിക്ക് ഭരണാനുമതി നൽകുന്ന നടപടികൾ സ്വീകരിച്ച വരുന്നു. ആലങ്കോട് പഞ്ചായത്തിലെ ജല ജീവൻ പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തികരിച്ചിട്ടുണ്ട്. പ്രസ്തുത പഞ്ചായത്തിലെ പദ്ധതിയുടെ രണ്ടാം ഘട്ടം പുരോഗമിച്ച വരുന്നു. നന്നമുക്ക് പഞ്ചായത്തിലെ ജല ജീവൻ പദ്ധതിയുടെ ഒന്നാം ഘട്ട പ്രവൃത്തികൾ പൂർത്തീകരിച്ച കഴിഞ്ഞു. രണ്ടാംഘട്ട പ്രവൃത്തിയുടെ ദർഘാസ് നടപടികൾ പുരോഗമിച്ചവരുന്നു. |
| (ബി) | പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടികൾ കൈക്കൊള്ളുമോ; | (ബി) | പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടികൾ കൈക്കൊണ്ടു വരുന്നു. പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ കീഴിലും വിവിധ തലങ്ങളിലും തുടർച്ചയായി പദ്ധതി അവലോകനം നടത്തുന്നുണ്ട്. കൂടാതെ പദ്ധതി നിർവ്വഹണത്തിനായി സംസ്ഥാന തലത്തിലും, ജില്ലാ തലത്തിലും, പഞ്ചായത്ത് തലത്തിലും വിവിധ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ ദിനംപ്രതിയുള്ള പുരോഗതി വിവരങ്ങൾ വാട്ടർ അതോറിറ്റിയുടെ വെബ് സൈറ്റിലും പ്രസിദ്ധീകരിക്കുന്നുണ്ട്. |
| (സി) | ആലംകോട്, നന്നമുക്ക് പഞ്ചായത്തുകളിൽ നിലവിലുള്ള പദ്ധതി അടിയന്തരമായി പൂർത്തീകരിച്ച് കുടിവെള്ളമെത്തിക്കുന്നതിന് സത്വര നടപടി കൈക്കൊള്ളുമോ? | (സി) | ആലങ്കോട് പഞ്ചായത്തിലെ എല്ലാ വീടുകൾക്കും 2022 മാർച്ച് മാസത്തോടെ കുടിവെള്ളമെത്തിക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിച്ച വരുന്നു. നന്നമുക്ക് പഞ്ചായത്തിലെ ജല ജീവൻ പദ്ധതിയുടെ ഒന്നാം ഘട്ടപ്രവൃത്തികൾ പൂർത്തീകരിച്ച കഴിഞ്ഞു. രണ്ടാംഘട്ട പ്രവൃത്തിയുടെ ദർഘാസ് നടപടികൾ പുരോഗമിച്ചവരുന്നു. പദ്ധതി |

| | | | |
|---|---|---|---|
| | | | അടിയന്തിരമായി പൂർത്തീകരിക്കു ന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ